**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2328 — 09.12.2014-ലെ മറുപടിയ്ക്ക്

## കൺസ്യൂമർ ഫെഡ് ഹൈടെക് ക്ലിനിക്കുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.മുരളീധരൻ<br>,, എ.റ്റി.ജോർജ്<br>,, എം.പി.വിൻസെന്റ്<br>,, വി.ഡി.സതീശൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ മന്ത്രി) |
| (എ) | കൺസ്യൂമർ ഫെഡ് ഹൈടെക് ക്ലിനിക്കുകൾ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ; | (എ) | കൺസ്യൂമർഫെഡ് ഹൈടെക് ക്ലിനിക്കുകൾ തുടങ്ങാൻ ഇപ്പോൾ പദ്ധതിയില്ല. എന്നാൽ ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ ഹൈടെക് ക്ലിനിക്കൽ ലാബുകൾ ആരംഭിക്കുന്നതിന് കൺസ്യൂമർ ഫെഡറേഷൻ തീരുമാനിക്കുകയും ആലപ്പുഴ ജില്ലയിലെ ഹൈടെക് ക്ലിനിക്കൽ ലാബ് 2014 ഫെബ്രുവരി 20-ന് കായംകുളത്ത് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. |
| (ബി) | ഹൈടെക് ക്ലിനിക്കുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണ്; | (ബി) | രോഗ നിർണ്ണയത്തിനാവശ്യമായ ലബോറട്ടറി പരിശോധനകൾ, എക്സ്റേ, സ്കാനിംഗ് തുടങ്ങിയവ, ആംബുലൻസ് സൗകര്യം, ഒരു ഡോക്ടറുടെയും, നേഴ്സിന്റെയും സേവനം ലഭ്യമാക്കിക്കൊണ്ട് പ്രാഥമിക മെഡിക്കൽ എയ്ഡ് എന്നിവയാണ് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (സി) | ചികിത്സാരംഗത്തെ ചൂഷണം തടയാൻ പ്രസ്തുത ക്ലിനിക്കുകൾ എത്ര മാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; വിശദമാക്കാമോ; | (സി) | പൊതുജനങ്ങളിൽ നിന്നും ഇപ്പോൾ ഈടാക്കുന്ന പരിശോധനാ ഫീസുകളുടെ മൂന്നിലൊന്ന് ഫീസ് ഈടാക്കി കുറഞ്ഞ ചെലവിൽ കൃത്യതയുള്ള പരിശോധനാ ഫലങ്ങൾ എത്രയും വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതു ചികിത്സാ രംഗത്തെ ചൂഷണം തടയാൻ ഹൈടെക് ക്ലിനിക്കൽ ലാബുകൾ വഴി സാദ്ധ്യമാക്കാനുദ്ദേശിക്കുന്നു. |
| (ഡി) | എന്തെല്ലാം ചികിത്സാ സൗകര്യങ്ങളാണ് ക്ലിനിക്കുകളിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | പ്രാഥമിക മെഡിക്കൽ എയ്ഡിന് ഒരു ഡോക്ടർ, ഒരു നേഴ്സ്, എല്ലാവിധ രക്ത പരിശോധനകളും, മലം, മൂത്രം, കഫം ഇവയുടെ പരിശോധന, ശരീര സ്രവങ്ങളിലെ ക്യാൻസർ പരിശോധന, പാപ്സ്മിയർ പരിശോധന, എഫ്.എൻ.എ.സി, ഇ.സി.ജി, എക്സ്റേ, സ്കാനിംഗ് എന്നീ സൗകര്യങ്ങളാണ് ക്ലിനിക്കുകളിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ